**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5693** **08-07-2024 - ൽ മറുപടിയ്ക്ക്**

**കായംകുളം താലൂക്ക് ആശുപത്രിയിലെ പോസ്റ്റ്മോർട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം താലൂക്ക് ആശുപത്രിയിൽ സമീപ കാലത്തായി ഞായറാഴ്ച ദിവസങ്ങളിൽ പോസ്റ്റ്മോർട്ടം നടക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | കായംകുളം താലൂക്കാശുപത്രിയിൽ ആലപ്പുഴ ജനറൽ ആശുപത്രിയിൽ നിന്നും ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ഫോറൻസിക് സർജനാണ് പോസ്റ്റ്മോർട്ടം നടത്തി വരുന്നത്. ഞായറാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ എല്ലാ തരം പോസ്റ്റ്മോർട്ടങ്ങളും അവിടെ ചെയ്ത് വരുന്നുണ്ടെങ്കിലും നിലവിൽ ഡോക്ടർമാരുടെ കുറവും നഴ്സിംഗ് അസിസ്റ്റന്റിന്റെ കുറവും കാരണം ഞായറാഴ്ച ദിവസം പോസ്റ്റ്മോർട്ടം നടക്കുന്നില്ല. ഞായറാഴ്ച ഡ്യൂട്ടിക്ക് നിലവിലെ ഡോക്ടർമാരെയും നഴ്സിംഗ് അസിസ്റ്റന്റിനെയും നിയോഗിക്കുമ്പോൾ അടുത്ത ദിവസം ജീവനക്കാരുടെ കുറവ് ഉണ്ടാകുന്നത് കൊണ്ടാണ് നിലവിൽ ഞായറാഴ്ച ദിവസം പോസ്റ്റ് മോർട്ടം നടക്കാത്തത്. നിലവിലെ ജീവനക്കാരെ ഉപയോഗിച്ച് എല്ലാ ദിവസവും പോസ്റ്റ്മോർട്ടം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഞായറാഴ്ച ദിവസങ്ങളിലും കായംകുളം താലൂക്ക് ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | കായംകുളം താലൂക്കാശുപത്രിയിൽ ആലപ്പുഴ ജനറൽ ആശുപത്രിയിൽ നിന്നും ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ഫോറൻസിക് സർജനാണ് പോസ്റ്റ്മോർട്ടം നടത്തി വരുന്നത്. ഞായറാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ എല്ലാ തരം പോസ്റ്റ്മോർട്ടങ്ങളും അവിടെ ചെയ്ത് വരുന്നുണ്ടെങ്കിലും നിലവിൽ ഡോക്ടർമാരുടെ കുറവും നഴ്സിംഗ് അസിസ്റ്റന്റിന്റെ കുറവും കാരണം ഞായറാഴ്ച ദിവസം പോസ്റ്റ്മോർട്ടം നടക്കുന്നില്ല. ഞായറാഴ്ച ഡ്യൂട്ടിക്ക് നിലവിലെ ഡോക്ടർമാരെയും നഴ്സിംഗ് അസിസ്റ്റന്റിനെയും നിയോഗിക്കുമ്പോൾ അടുത്ത ദിവസം ജീവനക്കാരുടെ കുറവ് ഉണ്ടാകുന്നത് കൊണ്ടാണ് നിലവിൽ ഞായറാഴ്ച ദിവസം പോസ്റ്റ്മോർട്ടം നടക്കാത്തത്. നിലവിലെ ജീവനക്കാരെ ഉപയോഗിച്ച് എല്ലാ ദിവസവും പോസ്റ്റ്മോർട്ടം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ